File No.LSGD-DB1/79/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്-ശ്രീ.ഷിബു കെ.സി, ശ്രീമതി. ജോളി വർഗ്ഗീസ് എന്നിവരെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt) No.606/2021/LSGD    തീയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- 1 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22/11/2019ലെ സി.6-2242/19-നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/08/2020-ലെ 2.4(4.4) നമ്പർ തീരുമാനം.

3 പത്തനംതിട്ട ലൈഫ് മിഷൻ ജില്ലാ കോ-ഓർ ഡിനേറ്ററുടെ 04/08/2020-ലെ ലൈഫ് 2020 പി.എ.യു.-പിറ്റിഎ നമ്പർ കത്ത്.

4 എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22/09/2020-ലെ 1(3)-ാംാം നമ്പർ തീരുമാനം.

5 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/02/2021-ലെ 4.37-ാംാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

2018 ഓഗസ്റ്റിലെ മഹാപ്രളയത്തിൽ എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ. ഷിബു കെ.സി, കരിക്കാടിൽ, വാർഡ്7 , ശ്രീമതി ജോളി വർഗ്ഗീസ് , കോന്നാട്ടുപ്ലാക്കൽ, വാർഡ് 8 എന്നിവരുടെ വീടുകൾ തകർന്നുപോയിരുന്നതിനാൽ ഇവർക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽ കണമെന്ന് അപേക്ഷിക്കുകയുണ്ടായി. ആയത് പരാമർ ശം ( 2 ) പ്രകാരം കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പ്രളയത്തിൽ തകർന്നതാകയാൽ SDRF-ൽ നിന്ന് ധനസഹായം ലഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. വീട് തകർന്നത് പരിഗണിച്ച് താലൂക്കിൽ നിന്ന് 95,100/-രൂപ വീതം ഇവർക്ക് അനുവദിച്ചിരുന്നുവെങ്കിലും

REDMI NOTE 6 PRO
MI DUAL CAMERA

തുക അപര്യാപ്തമായതിനാൽ ഈ സഹായം കുടുംബം കൈപ്പറ്റിയിരുന്നില്ല. പ്രളയസമയത്ത് മേൽക്കൂരയും ഭിത്തിയും തകർന്നുവെന്നും വീട് കുന്നിൽ പ്രദേശത്തായിരുന്നുവെന്നും ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ പരാമർശം (2) തീരുമാനം പുന:പരിശോധിച്ച് ശ്രീ.ഷിബു കെ.സി, കരിക്കാടിൽ, വാർഡ്7, ശ്രീമതി ജോളി വർഗ്ഗീസ് ,കോന്നാട്ടുപ്ലാക്കൽ, വാർഡ് 8 എന്നിവരെ ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി വീട് നൽകണമെന്ന ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനം പരാമർശം (1) പ്രകാരം എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖാന്തിരം ലഭ്യമാക്കിയിരുന്നു .

2) സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (5) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇവരെ പുതിയ ഗുണഭോക്താവായി കണക്കാക്കി, വീട് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനു അനുമതി നൽകിക്കൊണ്ടും എന്നാൽ പരമാവധി തുകയായ 4.00 ലക്ഷം രൂപയിൽ നിന്ന് SDRF-ൽ നിന്ന് ലഭിക്കുന്ന തുക കുറവ് ചെയ്ത് ബാക്കി തുക മാത്രം ധനസഹായമായി നൽകേണ്ടതാണെന്നും ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പ്രസിഡന്റ്/സെക്രട്ടറി,എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട

ശ്രീ.ഷിബു കെ.സി,(എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് മുഖാന്തിരം).
ശ്രീമതി. ജോളി വർഗ്ഗീസ്(എഴുമറ്റൂർ ഗ്രാമ പഞ്ചായത്ത് മുഖാന്തിരം).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.26 15:28:11 IST
Reason: Approved
സെക്ഷൻ ഓഫീസർ

REDMI NOTE 6 PRO
MI DUAL CAMERA